ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ

262 (3698) ശ്രീ. ജി. സുധാകരൻ :

ശ്രീ. കെ. സുരേഷ് കുറുപ്പ് :

ശ്രീ. കെ. കെ. നാരായണൻ :

ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രമുഖ വിനോദകേന്ദ്രങ്ങളിലുണ്ടാകുന്ന അപകടങ്ങൾക്കിരയായി മരണപ്പെടുന്നവരുടെയും പരിക്കേല്ക്കുന്നവരുടെയും എണ്ണം കൂടിവരുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോവളം, വർക്കല, പൊഴിയൂർ, കാപ്പാട് തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ കഴിഞ്ഞ സീസണിൽ എത്തിയ എത്ര ടൂറിസ്റ്റുകൾ മരണപ്പെടുകയോ അപകടത്തിൽ പെടുകയോ ഉണ്ടായിട്ടുണ്ടെന്നതിന്റെ കണക്കുകൾ ലഭ്യമാണോ ;

(സി) ടൂറിസം കേന്ദ്രങ്ങളിലെ ശോചനീയാവസ്ഥയും ദുരന്തങ്ങളും ടൂറിസം വികസനത്തിനുണ്ടാകുന്ന പ്രഹരങ്ങൾ വലുതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നറിയിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ടൂറിസം വാർഡന്മാരുടെ സേവനം ലഭ്യമാക്കുന്നതിനും പ്രാദേശിക ടൂറിസം നിക്ഷേപകരുടേയും പോലീസിന്റെയും സഹകരണത്തോടെ സെക്യൂരിറ്റി കമ്മിറ്റികൾ രൂപീകരിച്ച് വിനോദ സഞ്ചാരികളുടെ സുരക്ഷ കൂടുതൽ ഉറപ്പുവരുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും ടൂറിസം കേന്ദ്രങ്ങൾക്ക് സമീപമുള്ള തദ്ദേശവാസികളെ ഉൾപ്പെടുത്തി ജീവൻ രക്ഷാ സന്നദ്ധ സേവകൻ എന്ന

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു. നിലവിലുള്ള ലൈഫ് ഗാർഡുകൾക്ക് മെച്ചപ്പെട്ട പരിശീലനവും ആധുനിക ജീവൻരക്ഷാ ഉപകരണങ്ങളും നൽകി കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുവാനുള്ള സാഹചര്യം ഒരുക്കുന്നതാണ്.

ജീവൻ രക്ഷാ സേവനങ്ങൾക്കായി ഒരു പ്രത്യേക സൊസൈറ്റി രൂപീകരിക്കുകയും ശരിയായ പരിശീലനം നൽകിയും ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയും സേവനം കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യും. എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും 'ടൂറിസ്റ്റ് വാർഡൻ പദ്ധതി' നടപ്പിലാക്കും. വിനോദ സഞ്ചാരികളെ ബാധിക്കുന്ന അടിയന്തര സാഹചര്യങ്ങളെ നേരിടുന്നതിനായി ഇത്തരം ആകസ്മികതകളിൽ അടിയന്തരമായി ഇടപെടാൻ പര്യാപ്തമായ 'കണ്ടിജൻസി റെസ്പോൺസ് സെൽ' സംസ്ഥാന തലത്തിൽ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശവും പരിഗണനയിലുണ്ട്.

ടൂറിസം ഇൻവെസ്റ്റുമെന്റ് പ്രൊമോഷൻ ബോർഡ്

263 (3699) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം ഇൻവെസ്റ്റുമെന്റ് പ്രൊമോഷൻ ബോർഡ് രൂപീകരിച്ചതിന്റെ ഉദ്ദേശം വിശദമാക്കാമോ ;

(ബി) ടൂറിസം വകുപ്പിന്റെ നിലവിലുള്ള പ്രവർത്തന മേഖലയിൽ നിന്ന് എന്തെല്ലാം കാര്യങ്ങളാണ് ബോർഡിന് വിട്ടുകൊടുക്കാനുദ്ദേശിക്കുന്നത് ;

(സി) ബോർഡിന്റെ ഘടനയും പ്രവർത്തനവും സംബന്ധിച്ച് വിശദമാക്കാമോ ;

(ഡി) ഏതു നിയമം അനുസരിച്ചാണ് സർക്കാർ ബോർഡിന് അധികാരങ്ങൾ കൈമാറിയിരിക്കുന്നതെന്നു വിശദമാക്കാമോ ?

ഉത്തരം

(എ) ടൂറിസം മേഖലയിലെ സുഗമമായ നിക്ഷേപ സംരഭങ്ങൾക്കായി സംസ്ഥാന തലത്തിൽ സ്ഥായിയായ ഒരു സംവിധാനം എന്ന നിലയിലാണ് സ്റ്റേറ്റ് ടൂറിസം ഇൻവെസ്റ്റ്മെന്റ് ബോർഡ് രൂപീകരിച്ചിട്ടുള്ളത്.

(ബി) ഇതുസംബന്ധിച്ചുള്ള തീരുമാനം കൈക്കൊണ്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly